# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 32/2018(63), ചൊവ്വാഴ്ച — തീയ്യതി 07.08.2018

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 86.9 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 29.9 മുതൽ 31.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.7 മുതൽ 23.5 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 93 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 66 മുതൽ 97 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.8 മുതൽ 1.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 4.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.7 മുതൽ 2.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 08.08.2018 | 09.08.2018 | 10.08.2018 | 11.08.2018 | 12.08.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 20 | 10 | 8 | 4 | 6 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 7 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 290 | 290 | 290 |

**ആദ്യ രണ്ടു ദിവസങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. പിന്നീടുള്ള മൂന്നു ദിവസങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത നല്ല വെയിലുള്ള സമയത്ത് വിളകൾക്ക്, ആവശ്യമെങ്കിൽ മാത്രം രോഗകീടനാശിനികൾ തളിച്ചുക്കൊടുക്കാവുന്നതാണ്.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | കതിരു വരുന്ന പരുവം | ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ | മൂടികെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. നെല്ലിലെ ഓലചുരുട്ടിപ്പുഴുവിന്റെയും തണ്ടുതുരപ്പന്റെയും ആക്രമണം നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| വാഴ | കുലച്ച പരുവം | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് അല്ലെങ്കിൽ 2 മി.ലി ക്യുനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ല വിധം ഇറങ്ങിചെല്ലത്തക്കവിധം തളിച്ച് കൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ (പയർ) | കായ്ക്കുന്ന പരുവം | വാട്ടരോഗം, വേരുചീയൽ | തുടർച്ചയായ മഴയും വെള്ളക്കെട്ടും മൂലം പച്ചക്കറികളിൽ വാട്ടരോഗത്തിനു സാധ്യതയുണ്ട്. വാട്ട രോഗത്തെ നിയന്ത്രിക്കാൻ 1.5 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലും വേരുചീയൽ രോഗത്തെ നിയന്ത്രിക്കുന്നതിനായി 1 ഗ്രാം കാർബന്റാസിം അല്ലെങ്കിൽ 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലും മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| മൃഗസംരക്ഷണം | അകിടുവീക്കം തടയാൻ പശുവിന്റെ അകിടും, കറവക്കാരന്റെ കൈകളും വൃത്തിയായി കഴുകിയതിനു ശേഷം കറവ ആരംഭിക്കുക. കറവക്കുശേഷം അകിട് അണുവിമുക്തമാക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി 1:1000 എന്ന അനുപാതത്തിൽ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ്. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |